
# ജാലകം



# അറിവിൻെറ ജാലകം തുറന്നപ്പോൾ

പോംപൈ സെൻറ് മേരീസ് എച്ച് എസ്

LEAD KINDLY LIGHT



# ജാലക താളുകൾ

സന്ദേശം
എൻെറ വിദ്യാലയം
സന്ധ്യ
മരം ഒരു വരം
ഇത്തിരി പ്പൂവ്
പഴഞ്ചൊല്ലിലൂടെ പഴമയിലൂടെ
എലിയും പൂച്ചയും
ഗ്രാമം
പരിസ്ഥിതി
കേട്ടതും കേൾക്കേണ്ടതും
ആമയുടെ വീട്
സ്നേഹത്തിൻെറയും നേട്ടത്തിൻെറയും നിമിഷങ്ങൾ
നന്ദിയോടെ

## ഞങ്ങളുടെ ജാലകം

ഒരു ഇത്തിരി വെട്ടം നിങ്ങൾക്കു മുന്നിൽ തെളിയിക്കട്ടെ. ആത്മസാക്ഷാത് ക്കാരത്തിന്റെയും നവാനുഭൂതിയുടെയും വരികളാണിവയിൽ. ഇതിൽ അനുകരണത്തിന്റെയും പകർത്തെഴുത്തിന്റെയും നിഴലുകൾ ഉണ്ടാകാം.ക്ഷമിക്കുക. ഇതൊരു പടി മാത്രം. ഇതിൽ നിന്നാവാം ഇനിയുള്ള യാത്ര.

**എഡിറ്റർ**

**സായൂജ് എൻ വി**

## പോംപെ സെൻറ് മേരീസിലെ ലിറ്റിൽ ഫ്ലൈറ്റസ് കുട്ടികൾ

## ഗുരു വന്ദനത്തോടെ സമർപ്പിക്കുന്നു

# ജാലകം

# തിരശീലക്കു പിന്നിൽ

- സായൂജ് എൻ വി
- മുഹമ്മദ് ഹാഷീം എം ആർ
- അഖിലാഷ് ടി എം
- ജസ്ന കെ ടി
- ഉത്രജ കെ എസ്
- നന്ദന പി എ
- അഭിനന്ദ് ടി എ

# സന്ദേശം

പൊതുവിദ്യാഭ്യാസരംഗത്തിന് തിലകക്കുറിചാർത്തി സാങ്കേതിക വിജ്ഞാനത്തിന് പുത്തൻ ഉണർവ്വ് നൽകി കുട്ടികളെ ഐ റ്റി രംഗത്തേക്ക് കൈപിടിച്ച് ഉയർത്തുന്നതിനും പുത്തൻ പരീക്ഷണങ്ങൾ നടത്തുന്നതിനുമായി കുട്ടികളുടെ ഐ റ്റി കൂട്ടായ്മലിറ്റിൽ കൈറ്റ്സ് പോംപൈ സെൻറ് മേരീസ് ഹൈസ്കൂളിലും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ സംരഭമായ ഇ-മാഗസീൻ നിർമ്മിച്ച് പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു. മാഗസീൻ നിർമ്മാണത്തിൽ പങ്കെടുത്ത മുഴുവൻ കുട്ടികളെയും അഭിനന്ദനങ്ങൾ .ഐ റ്റി യുടെ നൂതന സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഈ പദ്ധതി യിലൂടെ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട്



സജീവൻ വി കെ

(എച്ച് എം)

# എന്റെ വിദ്യാലയം


മുത്തുമുത്തശിയാണെന്റെ വിദ്യാലയം. കാലത്തിന്റെ മാറ്റങ്ങൾ ഉയർച്ചയും തളർച്ചയും നല്കിയിട്ടുണ്ട്.അറിവിന്റെ അപാരമായ കടൽത്തിരത്ത് ആദ്യാക്ഷരങ്ങൾ പകർന്നു നൽകി,കുരുന്നുകൾക്കു തണലായി താങ്ങായി പടർന്നു പന്തലിച്ച് വേരുകൾ ആഴ്ത്തി നില്കുന്ന എന്റെ വിദ്യാലയം കാട്ടൂരിന്റെ സംസ്കൃതിയുടെ ഭാഗമാണ്.നിന്റെ തിരുനടയിൽ ഞങ്ങളുടെ നമോവാകം.

**ആദിഷ് പി ആർ**
7 A



# സന്ധ്യ

എന്റെ വിരൽ തുമ്പിലൂറും
മധുരമാം കവിത നീ
ചെറുപുൽ നാമ്പിലൂറും



ഇളം
മഞ്ഞുതുള്ളിയാണ് നീ
സൂര്യന്റെ
ശയനത്തിന്നു
തല്പം വിരിക്കുന്ന
ചെമ്പനീർ പൂവേ
സന്ധ്യേ
നിനക്കു വന്ദനം

**തസ്ലി പി എ**
**10 A**

# മരം ഒരു വരം

ഒരു മരം വേണം
ഒരു തണൽ വേണം
ഒരു മരത്തണലിന്റെ കുളിരുവേണം
അമ്മതൻ ചാരത്തു
നിൽക്കുബോൾ കിട്ടിടും
സ്നേഹത്തിന്നാർദ്രത
നിന്നരികിൽ




**സജ്ന ടി എസ്**
**8 A**

# ഇത്തിരി പൂവ്

ഇത്തിരിപ്പൂവേ വെള്ളച്ചി പൂവേ
ഞാനെൻ മനസ്സിൽ നട്ടമുല്ല പൂവേ
മുല്ലക്ക മുക്കുടം വെള്ള മൊഴിച്ചു
നാളെക്കു മൂന്നാഴി പൂവിറുക്കാൻ
വല്ലതും പാടി കളിക്കുന്ന നേരത്ത്
കാറ്റടിച്ചോമന വീണിടില്ലേ
കാറ്റടിച്ചോമന വീഴാതിരിക്കാൻ
കുട്ടിന് നിനക്കൊരു ജമന്തി തരാം

**സുമേദൻ ഉണ്ണി**
**7 A**



## ● പഴഞ്ചൊല്ലിലൂടെ പഴമയിലേക്ക്

**● ആനക്കാര്യത്തിനിടയിൽ ചേന കാര്യം**



- ആയില്യം അയൽ മൂടിക്കും.
- ചത്തമുതല വാൽആട്ടും.
- ഇലയിട്ടു ചവിട്ടരുത്.
- വിത്തുഗുണം പത്തുഗുണം.
- ഉണ്ണുന്ന ചോറിൽ കല്ലിടരുത്.
- എലിയെ പേടിച്ച് ഇല്ലം ചുടരുത്.
- കാക്ക കുളിച്ചാൽ കൊക്കാകുമോ?
- അഗ്രഹാരത്തിൽ പിറന്നാലും നായ് വേദമോദില്ല.

**സ്വേദ എം ആർ**
**5 A**

# എലിയും പൂച്ചയും

ഓടി നടക്കും എലിയെ
കൂട്ടു കൂടാൻ പോരുന്നോ
നാട്ടിലൂടെ കഥയും ചൊല്ലി
കാറ്റുകൊണ്ടു നടക്കാലോ?
വേണ്ട പൂച്ചേ വിരുതൻപൂച്ചേ
വേല കൈയ്യിൽ ഇരുന്നോട്ടെ
കൂട്ടുവേണ്ടാ ചക്കരപൂച്ചേ
വീട്ടിലെക്കുനടന്നാട്ടെ

ആദിഷ് പി ആർ
6 A



# ഗ്രാമം

വിത്തു വിതയ്ക്കും വയലുകളിൽ
പാട്ടുംപാടും കുയിലമ്മ
മാനത്തൊരു കാറുകണ്ടാൽ
നൃത്തം വയ്ക്കും മയിലമ്മ
സന്തോഷത്തിൻ പൂന്തൊടിയിൽ
പാറി നടക്കും പൂമ്പാറ്റ
നിറഞ്ഞൊഴുകുമരുവികളാൽ
ചൂളം കുത്തും എൻ ഗ്രാമം

ഉത്രജ കെ എസ്
൭ A



# പരിസ്ഥിതി

അന്നുണ്ടൊരു പരിസ്ഥിതി
വൃത്തിയുള്ള പരിസ്ഥിതി
ഇന്നുണ്ടൊരു പരിസ്ഥിതി
ചപ്പുചവറുകൾ നിറഞ്ഞ പരിസ്ഥിതി



ഷാനിബ എൻ എസ് 8 A

# കേട്ടതും കേൾക്കേണ്ടതും

നാം വിദേശിയരുടെ വസ്ത്രധാരണരീതിയെയും ഭക്ഷണരീതിയെയും സമ്പ്രദായങ്ങളെയും അനുകരിക്കാറുണ്ട്. പക്ഷേ എന്തുകൊണ്ട് വിദേശികളുടെ പരിസരശുചിത്വത്തെ നാം അനുകരിക്കുന്നില്ല? വൃത്തിയില്ലായ്മയും പരിസരശുചിത്വമില്ലായ്മയും കൊണ്ട് ഇപ്പോഴും കിടക്കപ്പായയിൽ തന്നെ മൂത്രം ഒഴിക്കുന്ന കുഞ്ഞിന്റെ അവസ്ഥയാണ് നമ്മുടെത്

-മാതാ അമൃതാനന്ദമയി



**അഞ്ചൽ കെ എസ്**

**10 A**

# ആമയുടെ വീട്

ഒരു ദിവസം ദൈവം എല്ലാ ജീവികളെയും വിളിച്ചു വരുത്തി.എല്ലാ ജീവികളും നേരത്തെ ദൈവത്തിനു അടുത്തെത്തി.പക്ഷേ ആമ മാത്രം വളരെ വൈകിയാണ് എത്തിയത്.ദൈവം ചോദിച്ചു.എന്താനീ വൈകിയത്.എനിക്ക് വീട്ടില് കുറെ പണിയുണ്ടായിരുന്നു.അതുകൊണ്ടാണ് ഞാൻ നേരം വൈകിയത്.

അതുകേട്ടപ്പോല് ദൈവത്തിന് കോപം വന്നു.അതുകൊണ്ട് ദൈവം **ആമയ്ക്ക് ഒരു ശാപം കൊടുത്തു .നീ ഇനി എവിടെ പോയാലും വീടും കൊണ്ട് പോയാല് മതി.അതുകൊണ്ടാണ് ആമയുടെ പുറത്തുള്ള പുറംതോട്(വീട്).**

**സായൂജ് എൻ വി ,അതുൽ ടി പി**
**൧ A**

# സ്നേഹത്തിൻെറയും നേട്ടത്തിൻെറയും നിമിഷങ്ങൾ

കൃഷിയുടെ ആദ്യപാഠം പറഞ്ഞുതരുന്ന അധ്യാപകൻ ➔





അധ്യാപകർക്കൊപ്പം ഒരു പഠനയാത്ര




പരിസ്ഥിതിദിനം

-ജൂൺ5

റാലിയും

ബോധവൽക്കരണവും







## ഗാന്ധി ജയന്തി -ഗാന്ധി ദർശൻ ക്ലബ് കലാപരിപാടികൾ



## നന്ദിയോടെ

മേഴ്സി ടീച്ചറുടേയും സുധീപ് മാഷുടെയും നേതൃത്വത്തിൽ നിർമ്മിച്ച ഈ ഡിജിറ്റൽ മാഗസീൻ നിർമാണത്തിനു സഹായിച്ച എന്റെ എല്ലാ കൂട്ടുകാർക്കും ഹൃദയപൂർവ്വം നന്ദി .

എഡിറ്റർ